## എറണാകുളത്ത് സിഡിഎസുകളിൽ നിന്ന് ഫണ്ട് ജില്ലാ മിഷനിലേക്ക്

കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീയുടെ പ്രാഥമിക ഘടകം അയൽക്കൂട്ടമാണ്. ഓരോ ജനവാസ കേന്ദ്രത്തിലെയും പത്ത് മുതൽ ഇരുപത് വരെ അയൽ കുടുംബങ്ങളിൽ നിന്നുള്ള ഓരോ സ്ത്രീകൾ വീതം ഉൾപ്പെടുന്ന കൂട്ടായ്മയാണ് അയൽക്കൂട്ടങ്ങൾ. ഓരോ വാർഡിലെയും അയൽക്കൂട്ടങ്ങളെ ഏകോപിപ്പിക്കുന്ന സംവിധാനമായ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികളും (എഡിഎസ്) തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഇവയെ ഏകോപിപ്പിക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും (സിഡിഎസ്) ചേരുന്നതാണ് കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനം. നിലവിൽ 1064 സിഡിഎസുകൾക്ക് കീഴിലുള്ള 2,99,297 അയൽക്കൂട്ടങ്ങളിലായി 44,91,834 സ്ത്രീകൾ അംഗങ്ങളാണ്.

ഭരണസമിതി (ഗവേണിങ് ബോഡി), സംസ്ഥാന മിഷൻ, ജില്ലാ മിഷനുകൾ എന്നിവ ഉൾപ്പെടുന്നതാണ് കുടുംബശ്രീയുടെ ഭരണ തലത്തിലുള്ള സംഘടനാ സംവിധാനം. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയാണ് ഭരണസമിതി ചെയർമാൻ. തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറിയാണ് വൈസ് ചെയർമാൻ. സർക്കാർ നിയമിക്കുന്ന ഐഎഎസ് ഓഫീസറായ സംസ്ഥാന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും ഭരണസമിതിയിൽ ഉൾപ്പെടും. ഇവരെ കൂടാതെ സർക്കാർ നിയോഗിക്കുന്ന വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ, ജനപ്രതിനിധികൾ, പ്രഗത്ഭ വ്യക്തികൾ എന്നിവരും കൂടി ചേരുന്നതാണ് ഭരണസമിതി. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീയുടെ ആകമാന ഭരണത്തിനും കൈകാര്യകർതൃത്വത്തിനുമുള്ള ഉത്തരവാദിത്വം ഈ ഭരണ സമിതിക്കാണ്. ഭരണസമിതിയെ ഭരണനിർവ്വഹണത്തിന് സഹായിക്കുന്നതിനായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കരാർ വ്യവസ്ഥയിലും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥ സംവിധാനവുമുണ്ട്. സംസ്ഥാന മിഷനിലും 14 ജില്ലകളിലുമുള്ള ജില്ലാ മിഷനുകളിലുമായാണ് ഈ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. കുടുംബശ്രീയുടെ ഭരണതലത്തിലുള്ള സംഘടനാ സംവിധാനം ജില്ലാമിഷനിൽ അവസാനിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കുടുംബശ്രീയുടെ പ്രവർത്തനം സംഘടിപ്പിക്കുന്നത് സിഡിഎസ്സുകളിലൂടെയാണ്.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് അതാത് തദ്ദേശഭരണ പ്രദേശത്ത്

പ്രവർത്തിക്കാനായി രജിസ്ട്രർ ചെയ്തിരിക്കുന്ന സംവിധാനമാണ് സിഡിഎസ്. സർക്കാർ അംഗീകരിച്ചിട്ടുള്ള ബൈലോ അനുസരിച്ച് രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്ന സിഡിഎസ്സുകൾ ജനാധിപത്യ രീതിയിലാണ് പ്രവർത്തിക്കുന്നത്. അതാത് തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് സിഡിഎസ്സുകൾ പ്രവർത്തിക്കുന്നത്. അയൽക്കൂട്ടങ്ങൾ സിഡിഎസ്സിൽ അംഗത്വം നേടുന്നതിനെയാണ് അഫിലിയേഷൻ എന്ന് പറയുന്നത്.

അയൽക്കൂട്ട അംഗത്വമുള്ള ഓരോ കുടുംബത്തിന്റെയും സാമൂഹ്യ, സാമ്പത്തിക ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്നത് അയൽക്കൂട്ടാംഗമായ അതാത് കുടുംബാംഗങ്ങളായ സ്ത്രീകളാണ്. ദാരിദ്ര്യ ലഘൂകരണത്തിനായുള്ള സമ്പാദ്യ വായ്പാ പദ്ധതികളും സ്വയം തൊഴിൽ ഉൾപ്പെടെയുള്ള ഉപജീവന പദ്ധതികളും കൂടാതെ വിവിധ സംസ്ഥാന, കേന്ദ്ര പദ്ധതികളും ഉൾപ്പെടെ ഇന്ന് സ്ത്രീ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളെയും സ്പർശിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞിരിക്കുകയാണ് കുടുംബശ്രീ.

സിഡിഎസ് മുഖേനയാണ് താഴേത്തട്ടിലേക്ക് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ എത്തുന്നത്. ഇത്തരത്തിൽ അയൽക്കൂട്ട വനിതകളുടെ ഉന്നമനം ലക്ഷ്യമിട്ട് സാമ്പത്തികമായി നിരവധി സഹായങ്ങളാണ് സിഡിഎസ് മുഖേന നൽകിവരുന്നത്. സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾക്കും കാർഷിക -മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കും കൂടാതെ ലഘുസമ്പാദ്യ പ്രവർത്തനങ്ങൾക്കുമെല്ലാമായി വിവിധതരത്തിലുള്ള ധനസഹായങ്ങൾ നൽകിവരുന്നു. സംസ്ഥാന മിഷനിൽ നിന്നും ജില്ലാ മിഷനിൽ നിന്നും അനുവദിക്കുന്ന തുക സിഡിഎസിൽ എത്തുകയും സിഡിഎസുകൾ അയൽക്കൂട്ടങ്ങൾക്ക് നൽകുകയുമാണ് ചെയ്യുക. വിവിധ പലിശ സബ്സിഡികൾ, മാച്ചിങ് ഗ്രാന്റ് മുതൽ റിവോൾവിങ് ഫണ്ട്, ഇന്നൊവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിങ്ങനെ നിരവധി ധനസഹായങ്ങളാണ് സിഡിഎസ് മുഖേന നൽകുന്നത്. അയൽക്കൂട്ടങ്ങൾ നൽകുന്ന അപേക്ഷകൾ പരിഗണിച്ച് അത് ബോധ്യം വന്നതിന് ശേഷമാകും തുകകൾ അനുവദിക്കുന്നത്.

**ഓഡിറ്റിങ്**

കുടുംബശ്രീ സംഘടനാ സംവിധാനങ്ങളായ അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് എന്നിവിടങ്ങളിലെ പണമിടപാടുകളിൽ കൃത്യതയും കാര്യക്ഷമതയും സുതാര്യതയും

ഉറപ്പാക്കുന്നതിനായി ഓഡിറ്റും നടത്തിവരുന്നു. ഈ മൂന്ന് സംവിധാനങ്ങളിലും മാർച്ച് 31ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി വരുന്നു. കുടുംബശ്രീ കുടുംബാംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾ ഉൾപ്പെടുന്ന തൊഴിൽ സംരംഭമായ കുടുംബശ്രീ അക്കൗണ്ടിങ് ആൻഡ് ഓഡിറ്റിങ് സർവ്വീസസ് സൊസൈറ്റി (കാസ്) ആണ് വർഷാവർഷമുള്ള ഓഡിറ്റ് നടത്തുന്നത്. ഇത് കൂടാതെ സിഡിഎസ്സിലും പൊതുസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് ഇന്റേണൽ ഓഡിറ്റർമാർ വീതം മൂന്ന് മാസത്തിൽ ഒരിക്കൽ ഇന്റേണൽ ഓഡിറ്റിങ്ങും നടത്തുന്നു.

**എറണാകുളം ജില്ലയിലെ പ്രത്യേക പ്രവർത്തനം**

സിഡിഎസ് അക്കൗണ്ടുകളിൽ ജില്ലാ മിഷനിൽ നിന്നും നൽകിയിട്ടും വർഷങ്ങളായി ഉപയോഗിക്കാതെ കിടന്ന തുക തിരികെ ജില്ലാ മിഷനിലേക്ക് വാങ്ങുകയായിരുന്നു.

**ആശയം രൂപപ്പെട്ടത്**

എറണാകുളം ജില്ലാ മിഷന് കീഴിൽ ആകെ 101 സിഡിഎസ്സുകളാണുള്ളത്. ഈ എല്ലാ സിഡിഎസുകളിലും സ്ഥിരമായി ഓഡിറ്റിങ്ങും നടത്തി വന്നിരുന്നു. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പ്രവർത്തനങ്ങൾ 2019 ജൂൺ മാസത്തിൽ പൂർത്തിയായ ശേഷം ഈ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചപ്പോഴാണ് ജില്ലയിലെ മുഴുവൻ സിഡിഎസുകളിലും ഉപയോഗരഹിതമായി ഫണ്ട് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടത്, കുറഞ്ഞത് 5000 രൂപയെങ്കിലും ഇങ്ങനെയില്ലാത്ത സിഡിഎസുകളുണ്ടായിരുന്നില്ല. ഗ്രേഡിങ്ങിന്റെ ഭാഗമായി ജൂലൈ- ഓഗസ്റ്റ് മാസങ്ങളിൽ സിഡിഎസുകളിലെ രണ്ട് വർഷം മുൻപുള്ള ഓഡിറ്റ് റിപ്പോർട്ടും പരിശോധനയ്ക്ക് വിധേയമാക്കി. വിനിയോഗിക്കാതെ ഫണ്ട് തുക ഇങ്ങനെ സിഡിഎസുകളിലെല്ലാം വർഷങ്ങളായി കിടക്കുകയാണെന്ന് അപ്പോൾ മനസ്സിലായി. ഇതേത്തുടർന്നാണ് ഇങ്ങനെയുള്ള തുക തിരികെ വാങ്ങുകയെന്ന തീരുമാനത്തിലേക്ക് ജില്ലാ മിഷൻ എത്തിയത്.

**പ്രവർത്തനം**

തുടക്കമെന്ന നിലയിൽ എന്തുകൊണ്ടാണ് ഇത്രയും തുക ചെലവഴിക്കാതെ കിടക്കുന്ന തെന്ന ഓഡിറ്റ് ക്വെയറി എല്ലാ സിഡിഎസുകൾക്കും അയച്ചു. 101 സിഡിഎസുകൾക്കും ക്വെയറി തയാറാക്കി അയച്ചു. വിനിയോഗിക്കാതെ കിടക്കുന്ന തുകയുടെ കണക്കുകളും

നൽകി. സംസ്ഥാന മിഷൻ വഴി നൽകിയ മാച്ചിങ് ഗ്രാന്റ്, പലിശ സബ്സിഡി, റിവോൾവിങ് ഫണ്ട്, സെക്കൻഡ് ഡോസ് അസിസ്റ്റന്റ്സ്, ജെഎൽജി ധനസഹായം എന്നിങ്ങനെയുള്ള ശീർഷകങ്ങളിൽ ചെലവഴിക്കാതെ കിടക്കുന്ന തുകയെക്കുറിച്ചാണ് ക്വെയറി നൽകിയത്.

പല വർഷങ്ങളിലും സിഡിഎസ് മീറ്റിങ്ങുകളിൽ ഇങ്ങനെയുള്ള തുകയെക്കുറിച്ച് വാക്കാൽ വിശദീകരണം ചോദിച്ചിരുന്നു. തുക തിരികെ നൽകണം, അല്ലെങ്കിൽ ചെലവഴിക്കണമെന്ന നിർദ്ദേശവും നൽകിയിരുന്നു. വാക്കാലുള്ള നിർദ്ദേശമായതിനാൽ തന്നെ ഇതിനോട് അത്ര മികച്ച രീതിയിലുള്ള പ്രതികരണമായിരുന്നില്ല സിഡിഎസുകൾ നടത്തിയത്. ഈ ഒരു സാഹചര്യത്തിലാണ് ഓഡിറ്റ് ക്വെയറി എന്ന രീതിയിൽ രേഖപ്പെടുത്തപ്പെട്ട തരത്തിൽ ഇതേക്കുറിച്ചുള്ള നിർദ്ദേശം 2019ൽ ജില്ലാ മിഷൻ 101 സിഡിഎസുകൾക്കും നൽകിയത്. ഏത് ഇനത്തിലാണ് പണം ചെലവഴിക്കാതെ കിടക്കുന്നതെന്ന് ഉൾപ്പെടെയുള്ള വിശദീകരണം നൽകണമെന്നും ചെലവഴിക്കാൻ പറ്റാവുന്ന ഫണ്ട് ചെലവഴിക്കാനും ശേഷിച്ച തുക ജില്ലാ മിഷനിൽ തിരികെയടയ്ക്കണമെന്നുമുള്ള നിർദ്ദേശമായിരുന്നു ഇത്. 2019 നവംബർ 16നാണ് എല്ലാ സിഡിഎസ് മെമ്പർ സെക്രട്ടറിമാർക്കും ചെയർപേഴ്സൺമാർക്കുമായി ഈ കത്ത് നൽകിയത്. സിഡിഎസ് അക്കൗണ്ടന്റിന് ഈ പ്രവർത്തനത്തിന്റെ പൂർണ്ണ ചുമതലയും നൽകി.

**കത്തിന്റെ പ്രധാന ഉള്ളടക്കം**

കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും വിവിധ പദ്ധതികളിലൂടെ സിഡിഎസുകളിലേക്ക് അനുവദിച്ച തുകകൾ സമയബന്ധിതമായി ചെലവാക്കാൻ സിഡിഎസുകൾക്ക് കഴിഞ്ഞിട്ടില്ല എന്ന് 2018-18 സിഡിഎസ് ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ നിന്ന് മനസ്സിലായി. എല്ലാ സിഡിഎസുകളും അക്കൗണ്ടുകളിൽ നാളിതുവരെ ചെലവാക്കാത്ത ജില്ലാ മിഷനിൽ നിന്നും നേരിട്ട് അനുവദിച്ച തുകകള് ഇനം തിരിച്ച് എഴുതി തിട്ടപ്പെടുത്തി തിരിച്ചടയ്ക്കേണ്ടതാണ്. കാലങ്ങളായി സിഡിഎസിന്റെ അക്കൗണ്ടിൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ നൽകിയ ഫണ്ടുകൾ, ഏതെങ്കിലും പദ്ധതി നടത്തിപ്പിനായി ജില്ലാ മിഷനിൽ നിന്നും അനുവദിച്ച ഫണ്ടുകൾ എന്നിവയാണ് തിരിച്ചടയ്ക്കേണ്ടത്. പ്രസ്തുത ഫണ്ടുകളുടെ ഇനംതിരിച്ചുള്ള വിവരങ്ങളും ചെക്കുമായി അക്കൗണ്ടന്റുമാർ നേരിട്ട് ജില്ലാ മിഷനിൽ എത്തി നവംബർ 30നകം ബാദ്ധ്യതകൾ തീർക്കേണ്ടതാണ്.

പ്ലാൻ ഫണ്ടിൽ ഉൾപ്പെടുന്നതായതിനാൽ തന്നെ ജില്ലാ മിഷന്റെ പേരിലുള്ള ട്രഷറിയിലെ സേവിങ്സ് അക്കൗണ്ടിലേക്ക് പണം തിരികെയടയ്ക്കണമെന്ന നിർദ്ദേശമാണ് നൽകിയത്. സിഡിഎസിന്റെ ചുമതലപ്പെട്ടവർ നിശ്ചലമായികിടക്കുന്ന തുകയ്ക്കുള്ള ചെക്ക് ജില്ലാ മിഷനിൽ എത്തിക്കുകയും ഈ തുക ട്രഷറി അക്കൗണ്ടിലേക്ക് മാറിയെടുക്കുകയും ചെയ്തു. ഇത്തരത്തിൽ 94,94,109 രൂപ തിരികെ കിട്ടി. 2019 ഡിസംബറിനുള്ളിൽ തന്നെ ഈ പ്രവർത്തനം പൂർത്തിയായി.

**ഫണ്ട് നിശ്ചലമായി കിടക്കാൻ കാരണം**

ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെ വരുന്നത്, സൂക്ഷ്മ സംരംഭ ഗ്രൂപ്പുകൾ പിരിഞ്ഞ് പോയത്, ജെഎൽജി കൃഷി സംഘങ്ങൾ കൃഷി അവസാനിപ്പിച്ചത്, സംരംഭകരുടെ കൊഴിഞ്ഞുപോക്ക് എന്നിങ്ങനെയുള്ള നിരവധി കാരണങ്ങളാണ് ഫണ്ട് ഉപയോഗിക്കാതെ കിടക്കാൻ കാരണം. ഇത് മാത്രവുമല്ല ഒരു ഭരണസമിതി ഇരിക്കുമ്പോൾ ഫണ്ട് ഉപയോഗിക്കാതെ പോയെങ്കിൽ പിന്നീടുള്ള ഭരണസമിതി അത് ചെലവഴിക്കാൻ മുൻകൈയെടുക്കാത്തതും മറ്റൊരു കാരണം.

**ഭാവി**

എന്ത് ലക്ഷ്യത്തിനാണോ ഈ ഫണ്ടുകൾ നൽകിയത് അതേ ആവശ്യത്തിന് പുതിയ ഗുണഭോക്താക്കൾക്ക് ഈ തുക നൽകാൻ പുതിയ നടപടിക്രമം തയാറാക്കി സംസ്ഥാന മിഷൻ നൽകുന്ന മുറയ്ക്ക് ഈ തുക വീണ്ടും സിഡിഎസുകൾക്ക് നൽകും. സംസ്ഥാന മിഷൻ വഴിയല്ലാതെ കൊടുത്തിരിക്കുന്നതും നിശ്ചലമായി കിടക്കുന്നതുമായ ഫണ്ടുകൾ തിരികെ ജില്ലാ മിഷനിലേക്ക് വാങ്ങാനാകില്ല. അതിനാൽ തന്നെ ഈ ഫണ്ട് ഉപയോഗിക്കാനുള്ള വഴിയും കണ്ടെത്തേണ്ടതുണ്ട്.